വാഹനങ്ങളിൽ പെട്രോളിയം ഗ്യാസ് ഇന്ധനമായി ഉപയോഗിക്കുന്നതിന് നിയന്ത്രണം

*16 [457] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ പെട്രോളിയം ഗ്യാസ് ഇന്ധനമായി ഉപയോഗിക്കുന്നതിന് പ്രത്യേക നിയന്ത്രണം സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പാചകവാതക സിലിണ്ടറുകൾ വാഹനങ്ങളിൽ ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിക്കുന്നതിന് സംവിധാനം ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സിലിണ്ടറുകൾക്ക് പകരം ഗ്യാസ് ടാങ്ക് നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) പെട്രോളിയം ഗ്യാസ് ഇന്ധനമായി ഉപയോഗിക്കുന്നതിന് നിയന്ത്രണ വിധേയമായി അനുവാദം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 24-4-2001-ലെ ജി. എസ്. ആർ. 284 (ഇ), 1-8-2004-ലെ ജി. എസ്. ആർ. 569 (ഇ) എന്നീ നോട്ടിഫിക്കേഷനുകൾ പ്രകാരം പ്രത്യേകമായി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. (നോട്ടിഫിക്കേഷനുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)†

(ബി) നിരോധിച്ചിട്ടുണ്ട്. വാഹന പരിശോധന വേളകളിൽ ഇത് പരിശോധിച്ചുവരുന്നു.

(സി) സ്വീകരിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവന്മാരായി ടെക്നോക്രാറ്റുകളെ നിയമിക്കാനുള്ള നടപടി

*17 [458] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവന്മാരായും മദ്ധ്യതല ഉദ്യോഗസ്ഥന്മാരായും ടെക്നോക്രാറ്റുകളെ നിയമിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഇതുമൂലം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയുമെന്ന് കരുതുന്നുണ്ടോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly